ഉത്തരം

ഒ.ഇ.സി.എഫ്. (ഇപ്പോൾ ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ) പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരത്തിലും 15 പഞ്ചായത്തുകളിലും ശുദ്ധജലവിതരണം നടത്തുന്നതിനായി സ്ഥലമെടുക്കുന്ന പ്രവർത്തനങ്ങൾ 1997-ൽ തന്നെ നടപടികൾ സ്വീകരിച്ചു. സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നു.

ശുദ്ധജലവിതരണം

49 (2622) ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കേരളാദിത്യപുരം, പാറോട്ടുകോണം, ഇടവക്കോട് വഴി ശ്രീകാര്യം ജംങ്ഷനിൽ കൂടി മൺവിള വരെ പോകുന്ന പൈപ്പ് ലൈനിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് എന്നത്തേയ്ക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ലൈനിന്റെ പ്രയോജനം ജല ദൗർലഭ്യമുള്ള ശ്രീകാര്യം, ഉള്ളൂർ, പോങ്ങുംമൂട്, അലത്തറ തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ലഭ്യമാക്കുമോ ;

(സി) എങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പൈപ്പ് ലൈൻ 2000 മാർച്ച് അവസാനത്തോടെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ലഭ്യമാകും.

(സി) പ്രസ്തുത പൈപ്പ് ലൈൻ കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്ന 2000 മാർച്ച് അവസാനത്തോടെ ഇതിന്റെ പ്രയോജനം ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

ഭൂഗർഭ ജലത്തിന്റെ ശോഷണം

50 (2625) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂഗർഭജലത്തിന്റെ അളവ് കുറഞ്ഞുവരുന്നുണ്ടോ ;

(ബി) എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിന് ഏത് വിധത്തിൽ പരിഹാരം കാണുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കാസർഗോഡ്, കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ ചില സ്ഥലങ്ങളിൽ ഭൂജലത്തിന്റെ അളവിൽ താല്ക്കാലിക കുറവു സംഭവിക്കുന്നതായി കാണുന്നുണ്ട്. എന്നാൽ ഇത് ഒരു പൊതു പ്രവണതയല്ല. വർദ്ധിച്ചു വരുന്ന ഭൂജല ഉപയോഗം, അനിയന്ത്രിതവും അശാസ്ത്രീയവുമായ കിണർ, കുഴൽക്കിണർ നിർമ്മാണം എന്നിവയാണ് ഈ അവസ്ഥയ്ക്ക് കാരണം.

(സി) അശാസ്ത്രീയവും അനിയന്ത്രിതവുമായ ഭൂജല ചൂഷണം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമാവശ്യമായ നിയമ നിർമ്മാണം നടത്തുക, ജലവിതാനം കുറയുന്ന സ്ഥലങ്ങളിൽ ഭൂജല സംഭരണവും ഭൂജല ലഭ്യതയും വർദ്ധിപ്പിക്കുന്നതിന് സഹായകമാകുന്ന കൃത്രിമ ഭൂജല സംപോഷണ പരിപാടികൾ (ആർട്ടിഫിഷ്യൽ റീചാർജ്ജ്) എന്നിവ നടപ്പാക്കുക. എന്നിങ്ങനെയുള്ള പരിപാടികൾ വഴി ഇതിന് പരിഹാരം കാണാൻ കഴിയും. ഇതിൽ ഭൂജല (നിയന്ത്രണവും ക്രമീകരണവും) നിയമം പ്രാബല്യത്തിൽ കൊണ്ടു വരാനുള്ള നടപടികൾ കൈക്കൊണ്ട് വരികയാണ്.

ജപ്പാൻ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വാട്ടർ സപ്ലൈ സ്കീം

51 (2629) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വാട്ടർ സപ്ലൈ സ്കീമിൽ കോഴിക്കോട് കോർപ്പറേഷനും പ്രാന്ത പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതി എത്ര രൂപയുടെ മതിപ്പ് ചെലവുള്ള പ്രോജക്ടാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) കോഴിക്കോട്ടെ ഈ പദ്ധതിയുടെ ജലസേചന സംഭരണി ഏതാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പിൽ എത്രശതമാനം സ്ഥലമെടുത്തു കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ പദ്ധതി പ്രദേശത്ത് ആകെ എത്ര ജല വിതരണം ചെയ്യുവാനാണ് പ്രഥമഘട്ടത്തിൽ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 430.59 കോടി രൂപ.

(ബി) പെരുവണ്ണാമൂഴിയിലെ റിസർവോയർ ആണ് ഈ പദ്ധതിയുടെ ഉറവിടമായി നിശ്ചയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly